# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26



## ജി എൽ പി സ്കൂൾ കർക്കിടകം



# ആമുഖം

മക്കട പഞ്ചായത്തിൽ 14-ാം വാർഡിൽ കാർക്കിടകം പ്രദേശത്ത് സ്ഥിതിചെയ്യുന്നു. 1928 ൽ സ്ഥാപിതമായി. ഒരേക്കർ 22സെന്റ് സ്ഥലം സ്വന്തമായുണ്ട്. വിശാലമായ കളിസ്ഥലം, വറ്റാത്ത കിണർ, നല്ല കെട്ടിടം, ആധുനിക അടുക്കള എന്നിവയുണ്ട്. എല്ലാ ക്ലാസിലും ഫാൻ, സ്മാർട്ട് ടിവി, ലാപ്ടോപ് എന്നിവയും രണ്ട് LCD പ്രോജക്ടറും ഉണ്ട്.

ഒന്നു മുതൽ നാലുവരെ ക്ലാസുകളിൽ ആറു ഡിവിഷനുകളിൽ ആയി 136 കുട്ടികൾ പഠിക്കുന്നു. ഹെഡ്മിസ്ട്രസും അറബി അധ്യാപകനുമടക്കം ഏഴ് സ്റ്റാഫും ഒരു PTCM ഉണ്ട്. ഇതിനു പുറമെ പ്രി-പ്രൈമറി വിഭാഗത്തിൽ രണ്ട് ടീച്ചറും ഒരു ഹെൽപ്പറും ജീവനക്കാരായി ഉണ്ട്. കഴിഞ്ഞ അക്കാദമിക വർഷത്തിൽ ഏഴ് കുട്ടികൾക്ക് LSS സ്കോളർഷിപ്പ് ലഭിച്ചു. കലാമേളയിലും ശാസ്ത്രമേളയിലും മികച്ച വിജയം ലഭിച്ചു

- സ്ഥാപിതം : 1928
- സബ് ജില്ല : മങ്കട
- വിദ്യാഭ്യാസജില്ല : മലപ്പുറം
- പഞ്ചായത്ത് : മങ്കട
- ഭരണവിഭാഗം : ഗവൺമെന്റ്
- സ്കൂൾ കോഡ് : 18612
- പഠനമാധ്യമം : മലയാളം, ഇംഗ്ലീഷ്
- പഠനവിഭാഗം : പ്രീപ്രൈമറി - ക്ലാസ് 4
- ആകെ അധ്യാപകർ : 7
- മിനിസ്റ്റീരിയൽ സ്റ്റാഫ് : 1
- പ്രീ പ്രൈമറി വിഭാഗം : 2
- പ്രീ പ്രൈമറി ആയ : 1

പ്രീ പ്രൈമറി കുട്ടികൾ :

- 1-4 കുട്ടികൾ : 136

## പരിമിതികൾ

- മൈതാനത്തെ വെള്ളക്കെട്ട് ഒഴിവാക്കാനുള്ള സംവിധാനം
- വേനൽക്കാലത്ത് മൈതാനത്ത് അനുഭവപ്പെടുന്ന പൊടിശല്യം ഒഴിവാക്കാനുള്ള സംവിധാനം
- ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ കെട്ടിടത്തിന്റെ ആവശ്യകത
- ഓഡിറ്റോറിയത്തിന്റെ അഭാവം.
- സ്മാർട്ട് ക്ലാസ്റൂമിന്റെ ആവശ്യകത
- ഭക്ഷണ ഹാളിന്റെ അഭാവം

ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും വിഷയാടിസ്ഥാനത്തിലു പാഠ്യപദ്ധതിക്കും അനുസൃതമായി നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കുന്നതിനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- ലഘുപഠനയാത്രകൾ, ശില്പശാലകൾ, ആരോഗ്യബോധവത്ക്കരണ ക്ലാസുകൾ, തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക
- പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ വിവിധ പദ്ധതികളിലൂടെ പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക.
- അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉതകുന്ന വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ലക്ഷ്യം വെയ്ക്കുന്ന ഓരോ കുട്ടിയുടെയും സവിശേഷമായ താൽപര്യങ്ങൾ, പഠനശേഷികൾ, വെല്ലുവിളികൾ എന്നിവ തിരിച്ചറിഞ്ഞ് കുട്ടിക്ക് ആവശ്യമായ പഠനസാഹചര്യവും പ്രോത്സാഹനവും പിന്തുണയും നൽകാനാവശ്യമായ വ്യക്തിഗതമാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ട് ഇതിന്റെ ഭാഗമായി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന പരിപാടി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു.

| ലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ | കാലയളവ് | പ്രവർത്തനങ്ങൾ | |
|---|---|---|---|---|
| ഭാഷാശേഷി വികസനം | ഭാഷാ പിന്നോക്കാവസ്ഥ കണ്ടെത്തൽ | ജൂൺ | കുട്ടികളുടെ അടിസ്ഥാന ശേഷി പരിശോധിക്കുന്നതിനുള്ള പ്രിടെസ്റ്റ്<br>· അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ പ്രവർത്തനം<br>· അക്ഷരകാർഡ്, അക്ഷര ചിത്രം, അക്ഷരപ്പാട്ട് | |
| | വായനോത്സവം | | സ്കൂൾ ലൈബ്രറിയിൽ നിന്ന് ഒന്നാം ക്ലാസിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് പുസ്തകം നൽകുന്നു<br>· കഥ പറഞ്ഞുകൊടുക്കുന്നു<br>· കുട്ടികൾ അവതരിപ്പിക്കുന്നു | |

| ലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ | കാലയളവ് | പ്രവർത്തനം | |
|---|---|---|---|---|
| അറിവുത്സവം | പത്രവാർത്തകൾ ആനുകാലികങ്ങൾ വായിച്ച് അറിവു നേടൽ, ക്വിസ്മത്സരങ്ങൾ, LSS പരീക്ഷകളിൽ ഉന്നത വിജയം നേടുക | ജൂൺ- ഫെബ്രുവരി | ·കഥ, നാടകം, കവിത മുതലായവ കുട്ടി റേഡിയോ യിലൂടെ അവതരിപ്പിക്കാനവസരം<br>ക്ലാസ് ലൈബ്രറി ശാക്തീകരണം<br>പ്രഭാത ക്വിസ് | |
| സർഗാത്മകശേഷി വികാസം | സർഗവേളകൾ | ജൂൺ- ഫെബ്രുവരി | സർഗവേളകൾ ആഴ്ചയിലൊരിക്കൽ കുട്ടികളുടെ സർഗാത്മക ശേഷികൾ വേദിയിൽ അവതരിപ്പിക്കുന്നു.<br>ബാലസഭ, സ്കൂൾ ആകാശവാണി അസംബ്ലി. | |

| Activity Name | Aim | Period | Activity. |
|---|---|---|---|
| "One day One word" | To develop the vocabulary of students. | Daily. July-March. | - Students are introduced to a new word and its meaning daily. |
| Prime Time Discourse. | To enhance the linguistic ability of students. | June-March. | - List out discources to focus on each month. Exercise the selected discourse in each month. June - Self introduction July - Description.. like.... |
| Follow TPR in English Language learning. | Make children more comprehensible and involved in English learning. | June-March. | - Total Physical Response (TPR) technique must be used in language learning process |
| English Assembly | Use English language in daily life. | Week | - Conduct English Assembly once in a month.<br>- English Prayer ~~and~~ pledge and news reading - once in a week |

| Name | Aim | Period | Activity. |
|---|---|---|---|
| English club. | To enrich the language experience of students. | | - English club provides children more opportunities to expose to the language. - linguistic experiences like drama, skit, song, poem, poster making ~~etc~~ can be conducted under the club. |
| Reader's theatre. | Provide life like experience in language learning. | | - Find out the opportunity to conduct 'reader's theatre' in each unit of every class. - Conduct it as the level of children demands. |
| English Magazine. | Creative opportunity in the language realm. | | - Make a magazine. - Conduct writing workshop. |

| ലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ | കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|---|---|
| | | ജനുവരി | കുട്ടികളുടെ സർഗശേഷികൾ ക്ലിപ്പിൽ തന്നെ മാഗസിനിലൂടെ വർഷാവസാനം പ്രകാശനം ചെയ്യുന്നു |
| ശാസ്ത്രാഭിമുഖ്യം വളർത്തുന്നു | ശാസ്ത്രപഠനം പൊതു വേദിയിൽ | | പരിസ്ഥിതി സംരക്ഷണം, ശാസ്ത്രകഴിവുകൾ, നിരീക്ഷണം, പരീക്ഷണം തുടങ്ങിയവ വികസിപ്പിക്കാനാവുന്ന വിവിധ പ്രവർത്തനങ്ങൾ<br>· ശാസ്ത്ര പരീക്ഷണം അസംബ്ലിയിൽ<br>· സ്കൂൾ ശാസ്ത്രമേള |
| ആരോഗ്യശീലങ്ങൾ ആഹാരശീലങ്ങൾ | പോഷകാഹാരങ്ങൾ | | പലഹാരമേള ഒരുക്കൽ |
| ഭാഷാപഠന മികവ് പ്രദർശനം | കൂട്ടുപത്രം, രചനോത്സവം, സ്കൂൾ പത്രം | ജനുവരി | ഒന്നാം ക്ലാസിലെ കുട്ടികൾ തയ്യാറാക്കുന്ന കൂട്ടുപത്രം - ഉദ്ഘാടനം. രചനോത്സ<br>ഒരു കുട്ടിക്ക് ഒരു മാഗസിൻ-ക്ലിപ്പി |

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | | |
|---|---|---|---|---|
| | അറബി ഭാഷ എഴുതുന്നതിനുള്ള കഴിവ് വളർത്തുക. | അക്ഷരങ്ങൾ ഉറപ്പിക്കൽ, പദങ്ങൾ ഉറപ്പിക്കൽ, കുട്ടിയെഴുത്ത്, അക്ഷരകാർഡ് എഴുത്ത്, ചാർട്ട് എഴുത്ത് മലയാളത്തിൽ നിന്നും അറബിയിലേക്ക്, അറബിയിൽ നിന്നും മലയാളത്തിലേക്ക് | | |

| ലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ | കാലയളവ് | പ്രവർത്തനങ്ങൾ |
|---|---|---|---|
| മാസ്ഡ്രിൽ മാസത്തിലൊരിക്കൽ | ഹെൽത്തി കിഡ്സ് - മാനസികാരോഗ്യ പരിശീലനം | | മാസത്തിലൊരിക്കൽ അധ്യാപകരുടെ നേതൃത്വത്തിൽ മാസ്ഡ്രിൽ കൊടുക്കുന്നു. |
| പ്രവൃത്തി പരിചയ ശില്പശാല | ശാസ്ത്രമേളയ്ക്കൊരു ക്യാമ്പ് | സെപ്തംബർ | സ്കൂളിലൊരു പ്രവൃത്തി പരിചയ ശില്പശാലയും - പ്രദർശനവും |
| ജൈവവൈവിധ്യ പാർക്ക് | സൗന്ദര്യവൽക്കരണം - പരിപാലനവും | ജൂൺ - മാർച്ച് | പരിസ്ഥിതി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ പൂന്തോട്ടത്തിന്റെ വിപുലീകരണവും സൗന്ദര്യവൽക്കരണവും |
| IT പരിശീലനം | പുതിയ സാങ്കേതിക വിദ്യകളുടെ പരിശീലനം | | ICT ഉപയോഗിക്കാനുള്ള പഠനത്തെളിവുകൾ പൊതുസമൂഹത്തിലേക്ക് |